# വചനവിചിന്തനം. സെപ്തംബർ 20 ഞായർ, 2009

## മത്തായി 5:1–12 സുവിശേഷഭാഗ്യങ്ങൾ.

### ആമുഖം

മത്തായിയുടെ സുവിശേഷത്തിലെ ഏറ്റവും ശ്രദ്ധേയമായ വചനഭാഗമാണ് സുവിശേഷഭാഗ്യങ്ങൾ. ഈ സുവിശേഷത്തിന്റെ ഘടനയനുസരിച്ച് യേശുവിന്റെ അഞ്ചു പ്രഭാഷണങ്ങളിൽ ആദ്യത്തേതാണ് മലയിലെ പ്രസംഗം (5, 1–7, 28). ഇതിൽ ''ഗിരിപ്രഭാഷണ'' ത്തിന്റെ പ്രാരംഭമായി അഷ്ടസൗഭാഗ്യങ്ങൾ സ്ഥാനം പിടിക്കുന്നു. യേശു തന്റെ പരസ്യജീവിതത്തിനിടയിൽ നടത്തിയ പ്രബോധനമാണിതെങ്കിലും മത്തായി സുവിശേഷകൻ ഇവയെ യേശുവിന്റെ പരസ്യജീവിതത്തിന്റെ ആരംഭത്തിൽത്തന്നെ ചേർത്തുകൊണ്ട് സുവിശേഷ ഭാഗ്യങ്ങളുടെ പ്രാധാന്യം എടുത്തുകാട്ടുന്നു.

### പശ്ചാത്തലം

യേശു തന്റെ മരുഭൂമിയിലെ പരീക്ഷണത്തിനുശേഷം മാനസാന്തരത്തിന് ഊന്നൽ നൽകി സ്വർഗരാജ്യത്തിന്റെ ആഗമനം അറിയിക്കുന്നു(4, 12–17). യേശു താൻ പ്രഘോഷിക്കുന്ന സ്വർഗരാജ്യത്തിന്റെ അടിസ്ഥാന സവിശേഷതകൾ എന്തൊക്കെയാണെന്ന് സുവിശേഷഭാഗ്യങ്ങളിലൂടെ പങ്കുവയ്ക്കുകയാണ്. ഏശയ്യാ പ്രവാചകന്റെ ഗ്രന്ഥത്തിലെ 61,1–3 വരെയുള്ള വാക്യങ്ങളാണ് ഇതിന്റെ പഴയനിയമ പശ്ചാത്തലം.

യേശു തന്നെ സമീപിച്ച ജനക്കൂട്ടത്തോടാണ് ഇവ പറയുന്നത് എന്ന് പ്രത്യക്ഷത്തിൽ തോന്നാമെങ്കിലും പരോക്ഷമായി ശിഷ്യരേയും യേശു ലക്ഷ്യം വയ്ക്കുന്നുണ്ട് (5,1–2). ചുരുക്കത്തിൽ എല്ലാവരേയും ഉദ്ദേശിച്ചാണ് യേശു ''സുവിശേഷഭാഗ്യങ്ങൾ'' പങ്കുവയ്ക്കുന്നത്. ദൈവരാജ്യം പ്രതീക്ഷിച്ചിരിക്കുന്നവരുടെ ജീവിതത്തിൽ അതിനു വിരുദ്ധമായ നിലപാടുകൾ ദർശിച്ച യേശു ദൈവരാജ്യത്തിന് അർഹരാകാൻ സ്വീകരിക്കേണ്ട മനോഭാവങ്ങൾ എന്തെന്ന് വിവരിക്കാൻ ശ്രമിക്കുന്നു.

### നിരീക്ഷണങ്ങൾ

* വിവരണാത്മകമായ പ്രഘോഷണ വചനങ്ങളല്ല സുവിശേഷഭാഗ്യങ്ങളിലടങ്ങിയിരിക്കുന്നത്.
* അഷ്ടസൗഭാഗ്യങ്ങൾ പ്രത്യക്ഷത്തിൽ ഒരു ആധികാരികഭാവം ഉൾക്കൊള്ളുന്നുവെങ്കിലും ഒരു പ്രത്യുത്തരത്തിന്റെ സാദ്ധ്യതയിലേക്ക് നയിക്കുന്നവയാണ്.
* ഭാഗ്യവാൻമാർ (Blessed) കേവലം ഒരു സന്തോഷത്തിന്റെ അവസ്ഥയല്ല, മറിച്ച് ദൈവവുമായി ഒന്നായിരിക്കുന്ന അവസ്ഥയിൽ അനുഭവിക്കുന്ന ആന്തരികസന്തോഷത്തിന്റെയും സമാധാനത്തിന്റെയും പൂർണ്ണതയാണ്.

## സന്ദേശം

സ്വർഗരാജ്യാനുഭവത്തിൽ ജീവിക്കാൻ മൂന്നു കാര്യങ്ങളിൽ ശ്രദ്ധിക്കണം.

1. ദൈവത്തിൽ ആശ്രയിക്കുന്നവരാകുക. സുവിശേഷഭാഗ്യങ്ങളിലെ ദരിദ്രനും, വിലപിക്കുന്നവനും, ശാന്തനും നീതി ദാഹിക്കുന്നവനും ഈ ആശ്രയഭാവത്തിന്റെ ഉദാഹരണങ്ങളാണ്.

2. ദൈവീകസ്വഭാവത്തെ ജീവിതത്തിൽ സ്വന്തമാക്കുക. കാരുണ്യം, വിശുദ്ധി, സമാധാനം തുടങ്ങിയ ദൈവീകസ്വഭാവങ്ങളുടെ വിളനിലങ്ങളാകണം നമ്മുടെ ജീവിതങ്ങൾ.

3. ദൈവത്തിനുവേണ്ടി നിൽക്കുന്നവരാകുക. വിശ്വാസജീവിതവും, മതാത്മകതയും, ധാർമ്മികതയും ചോദ്യചിഹ്നങ്ങളാകുന്ന സമകാലീന സമൂഹത്തിൽ ദൈവത്തിനുവേണ്ടി നിൽക്കുക വലിയ വെല്ലുവിളിയും സാക്ഷ്യവുമാണ്. നീതിക്കുവേണ്ടി പീഢനം ഏൽക്കുന്നവരും ക്രിസ്തുവിനെ പ്രതി സഹിക്കുന്നവരും സ്വർഗരാജ്യത്തിലെ ഏറ്റവും വിലയുള്ളവരാണ്.

**ഫാ. തോമസ് പഞ്ഞിക്കുന്നേൽ.**